പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2179 11-02-2020 -ൽ മറുപടിയ്ക്ക്

## ബി.ഡി.എസ്.വിദ്യാർത്ഥികൾക്ക് ഫീസ് ഇളവ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി.ഷാനിമോൾ ഉസ്മാൻ** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) മുൻ സർക്കാരിന്റെ കാലത്ത് ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് അനുവദിച്ചിരുന്ന ഫീസ് ഇളവ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഈ ആനുകൂല്യം നിർത്തലാക്കാനുള്ള കാരണം അറിയിക്കുമോ;<br><br>(സി) ഇത് പുനസ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;<br><br>(ഡി) എം.ബി.ബി.എസ്, എൻജിനീയറിംഗ്, ആർക്കിടെക്ട്, ഫാർമസി വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം തുടരുമ്പോൾ ഇക്കാര്യത്തിൽ ബി.ഡി.എസ്. വിദ്യാർത്ഥികൾ നേരിടുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (എ), (ബി), (സി) & (ഡി) | 2016 -17 അധ്യയന വർഷം വരെ സ്വാശ്രയ കോളേജുകളിലെ മെഡിക്കൽ /ഡെന്റൽ 50 % സീറ്റുകൾ അതാതു മാനേജ്മെന്റുകൾ സർക്കാരുമായി ഏർപ്പെടുന്ന ഉടമ്പടി പ്രകാരമാണ് സർക്കാർ അലോട്ട്മെന്റ് നടത്തി വന്നത്. ബാക്കിയുള്ള സീറ്റുകൾ മാനേജ്മെന്റുകൾ ഉയർന്ന ഫീസ് ഈടാക്കി അഡ്മിഷൻ നൽകിയിരുന്നു. 50 % സീറ്റുകളിൽ മാനേജ്മെന്റ് കരാർ പ്രകാരമുള്ള ഫീസ് ആനുകൂല്യം നൽകിയിരുന്നു. എന്നാൽ ബഹു. കോടതി ഉത്തരവിന്റെയും കൂടി അടിസ്ഥാനത്തിൽ 2017 -18 മുതൽ എല്ലാ സീറ്റുകളിലും ഒരേ ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്നു. ആയതിൻപ്രകാരം എല്ലാ സീറ്റുകളും എൻട്രൻസ് കമ്മീഷണർ അഡ്മിഷൻ നടത്തി വരികയും ചെയ്യുന്നു.BDS -ന് MBBS - നേക്കാൾ താരതമ്യേന കുറഞ്ഞ ഫീസാണ് ഈടാക്കി വരുന്നത്. മാത്രവുമല്ല MBBS പഠനം അർഹരായ ബി.പി.എൽ വിദ്യാർത്ഥികൾക്ക് നിഷേധിക്കപ്പെടരുത് എന്ന കാഴ്ചപ്പാടോടു കൂടിയാണ് ഒരു സ്കോളർഷിപ്പ് പദ്ധതിയിലൂടെ കുറഞ്ഞ ഫീസ് ബി.പി.എൽ കാർക്ക് വേണ്ടി മാത്രമായി സർക്കാർ കൊണ്ടു വന്നത്. ഇതിനുള്ള കോർപ്പസ് ഫണ്ട് NRI സീറ്റിൽ നിന്നാണ് കണ്ടെത്തുന്നത്.BDS ന് |

NRI സീറ്റിലേക്കുള്ള അപേക്ഷകർ താരതമ്യേന കുറവായതിനാൽ ഇവർക്ക് ഒരു കോർപ്പസ് ഫണ്ട് രൂപീകരിക്കുന്നത് ബുദ്ധിമുട്ടാണ്.

**സെക്ഷൻ ഓഫീസർ**